HON'BLE MR. A. J. JOHN : ഇപ്പോൾ ആ സ്കീം എടുത്തിട്ടില്ല.

MR. A. CHIDAMBARANATHA NADAR : தென்திருவாங்கூர் ஆயிற்றே. அங்கே தமிழர்கள்தான் வசிக்கிறார்கள். அவர்களுக்காக எதற்கு ரயில் என்று ? திருவாங்கூரில் எல்லா பாகங்களிலும் நமது அரசாங்க ஆட்சி நிலவப்படுகிறது என்பது தெரியுமா ?

HON'BLE MR. A. J. JOHN: വടക്കൻ തിരുവിതാംകൂറിലും ഒരു ലൈൻ എടുത്തിട്ടില്ല.

MR. PRESIDENT: ഈ ചോദ്യം കൊട്ടാരക്കര–ആലുവാ റെയിൽവേ സംബന്ധിച്ചേയുള്ളൂ. അതുകൊണ്ട് ഉപചോദ്യങ്ങളും എല്ലാം അതു സംബന്ധിച്ചായിരിക്കണം.

MR. K. RAMACHADRAN (*Pathanamthitta I—Kammala*): കൊട്ടാരക്കര–ആലുവാ ലൈൻ തുടങ്ങുന്നതിന് ചെലവു കുറവാണെന്നറിയാമോ ?

HON'BLE MR. A. J. JOHN: അതു സംബന്ധിച്ച് മെംബർക്ക് സാധിക്കുമെങ്കിൽ സ്ഥലം സർവേചെയ്ത് എസ്റ്റിമേറ് അയച്ചാൽ അതേപ്പറ്റി പരിഗണിക്കുന്നതാണ്.

MR. P. T. CHACKO: അതിന് ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം വേണ്ടേ ?

HON'BLE MR. A. J. JOHN : അനുവാദം വേണം.

പുതിയ ഡിസ്പെൻസറികൾ.

*298. MR. THARIATHU KUNJITHOMMAN : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

കഴിഞ്ഞ ആറുവർഷങ്ങൾക്കുള്ളിൽ രാജ്യത്തു ആകെ എത്ര ഡിസ്പെൻസറികൾ പുതുതായി തുറന്നിട്ടുണ്ടെന്നു ദയവായി പ്രസ്താവിക്കുമോ ?

HON'BLE MR. E. K. MADHAVAN : ആ പുതിയ ഡിസ്പെൻസറികൾ തുറന്നിട്ടുണ്ട്. അവയുടെ പേരു വേണമെങ്കിൽ വായിക്കാം.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*): May it be submitted to a vote as to whether all these names are to be read out ?

MR. THARIATHU KUNJITHOMMAN : പേരു വായിച്ചുകേട്ടാൽകൊള്ളാം.

MR. PRESIDENT : സ്റ്റേറുമെൻറ് വായിക്കാൻ തുടങ്ങിയാൽ ചോദ്യോത്തരങ്ങൾക്കുള്ള സമയം നഷ്ടപ്പെടും. മെംബറന്മാർ അതു മനസ്സിലാക്കി പ്രവർത്തിക്കുന്നതു നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly